
Engandiyur Grama Panchayat
Location Map
Engandiyur
1 centimeter = 5,043 meters
N
W
E
S
Kerala
Kasargode
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Vellangallur
Ernakulam
Idukki
Kottayam
Alappuzha
Pathanamthitta
Kollam
Thiruvananthapuram
Malappuram
Palakkad
Thrissur
Ernakulam
Idukki
Prepared by CSRD

# ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്



മികച്ച ഭരണവികസനക്ഷേമ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന പഞ്ചായത്തുകളെ ആദരിക്കുന്ന സ്വരാജ് ട്രോഫിക്ക് രണ്ടുതവണ അർഹമായ തൃശ്ശൂർ ജില്ലയിലെ തീരദേശ പഞ്ചായത്താണ് ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്. ചാവക്കാട് താലൂക്കിൽ തളിക്കുളം ബ്ലോക്കിലാണ് ഈ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. 15.68 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിനെ 16 വാർഡുകളാക്കി തിരിച്ചിരിക്കുന്നു. തൃശ്ശൂർ നഗരത്തിൽ നിന്നും 23 കിലോമീറ്റർ പടിഞ്ഞാറുഭാഗത്തായി സ്ഥിതിചെയ്യുന്ന ഈ തീരദേശമേഖല ഗ്രാമപഞ്ചായത്തിൽ അഴിമുഖം ബീച്ച്, തിരുമംഗലം ബീച്ച്, നക്ഷത്ര ബീച്ച് എന്നീ മൂന്ന് ബീച്ചുകൾ കാണുന്നുണ്ട്. കേരളത്തിലൂടെ പോകുന്ന ഏറ്റവും നീളം കൂടിയ ദേശീയപാതയായ എൻ.എച്ച് 66 ഈ ഗ്രാമപഞ്ചായത്തിൻറെ മദ്ധ്യഭാഗത്ത് കൂടി കടന്നുപോകുന്നു. ഉത്തര അക്ഷാംശം 10°29'27.13 "N നും 10°31'53.57 "N പൂർവ്വരേഖാംശം 76°2'49.35"E നും 76°4'5.53" E ഇടയ്ക്കാണ് ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൻറെ വടക്ക് ഭാഗം ഒരുമനയൂർ ഗ്രാമപഞ്ചായത്തും, തെക്ക് ഭാഗം വാടാനപ്പിള്ളി ഗ്രാമപഞ്ചായത്തും, കിഴക്ക് ഭാഗം കനോലി കനാലും, പടിഞ്ഞാറ് ഭാഗം അറബിക്കടലും അതിർത്തി പങ്കിടുന്നു. 5760 ഓളം കുടുംബങ്ങൾ താമസിക്കുന്ന ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 32101 ആണ്. അതിൽ 10528 പുരുഷന്മാരും 12573 സ്ത്രീകലും ഉൾപ്പെടുന്നു.

ഏറിയും കുറഞ്ഞുമുള്ള വരമ്പുകൾ ഉള്ള സ്ഥലമായതിനാലാണ് ഈ പ്രദേശത്തിന് ഏങ്ങണ്ടിയൂർ എന്ന പേര് ലഭിച്ചത് എന്ന് പറയപ്പെടുന്നു. 1985 ൽ വടക്കുഞ്ചേരി ശങ്കരൻകുട്ടി മാസ്റ്റർ സ്ഥാപിച്ച തിരുമംഗലം പ്രൈമറി സ്കൂളാണ് ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. 1924 ൽ സി. കൃഷ്ണവിലാസം ലൈബ്രറി ഭ്രാതാ വേലുക്കുട്ടി മാസ്റ്റർ സ്ഥാപിച്ചു. ഇവിടെ ചരിത്ര മൂല്യമുള്ള നിരവധി വൈജ്ഞാനിക ഗ്രന്ഥങ്ങളുണ്ട്. 1935 കളിലെ യുവജന പുരോഗമന പ്രസ്ഥാനത്തിലെ നേതൃനിരയിൽ സി. വി. കറപ്പക്കുട്ടി കുണ്ടലിയൂർ ഉണ്ടായിരുന്നു. 1946 ജൂൺ 3 ന് ഏങ്ങണ്ടിയൂരിലെ ആദ്യത്തെ ഹൈസ്കൂൾ ആരംഭിച്ചു. അതിന് നേതൃത്വം നൽകിയത് ഭ്രാതാ വേലുക്കുട്ടി മാസ്റ്ററാണ്. 1925 മുതൽ 1945 വരെയുള്ള കാലത്ത് മണപ്പുറത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസം നേടാൻ അന്നത്തെ എൽ.പി, യു.പി സ്കൂൾ ടീച്ചേഴ്സിനു വേണ്ടിയും പാവപ്പെട്ടവർക്കു വേണ്ടിയും നൈറ്റ് സ്കൂൾ സ്ഥാപിച്ച് 20 വർഷം, മണപ്പുറത്ത് സാംസ്ക്കാരിക വിദ്യാഭ്യാസ രംഗങ്ങളെ കയ്യിലെടുത്ത ഭ്രാതാ വേലുക്കുട്ടി മാസ്റ്ററുടെ സൃഷ്ടിയായിരുന്നു നാഷ്ണൽ ഹൈസ്കൂൾ. നൈറ്റ് സ്കൂളിൽ നിന്ന് നൂറുകണക്കിന് അനധ്യാപകരും വിദ്യാഭ്യാസം നേടിയിരുന്നു. സിലോൺ, ആസ്സാം, ബോംബെ എന്നിവിടങ്ങളിൽ ജോലി നേടാൻ ഇത് സാഹായിച്ചു. ഒരുകാലത്ത് വൻകിട വ്യവസായങ്ങളുടെ സിരാകേന്ദ്രമായിരുന്ന ചേറ്റുവ തുറമുഖ പട്ടണം ഏങ്ങണ്ടിയൂരിൻറെ ഭാഗമാണ്. സുഗന്ധവ്യഞ്ജനങ്ങളും കരകൗശല വസ്തുക്കളും മറ്റും നിരവധി പാശ്ചാത്യ രാജ്യങ്ങളിലേക്ക് ചേറ്റുവ തുറമുഖ പട്ടണത്തിൽ നിന്നും കയറ്റി അയക്കപ്പെട്ടിരുന്നു. 1949 ജനുവരി ഒന്നിനാണ് ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് രൂപീകൃതമായത്. തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ഭരണസമിതി 1964 ന് പ്രാബല്യത്തിൽ വന്നു. പി. ജി. ജയശങ്കരൻ ആയിരുന്നു പഞ്ചായത്തിൻറെ ആദ്യത്തെ പ്രസിഡൻറ്.

# പൊതുവിവരങ്ങൾ

| | |
|---|---|
| ജില്ല | തൃശ്ശൂർ |
| താലൂക്ക് | ചാവക്കാട് |
| ബ്ലോക്ക് | തളിക്കുളം |
| ഗ്രാമപഞ്ചായത്ത് | **ഏങ്ങണ്ടിയൂർ** |
| നിയമസഭ മണ്ഡലം | ഗുരുവായൂർ |
| ലോകസഭ മണ്ഡലം | തൃശ്ശൂർ |
| വിസ്തീർണ്ണം | 15.68 ചതുരശ്ര കിലോമീറ്റർ |
| ആകെ കുടുംബങ്ങൾ | 5760 |
| ജനസംഖ്യ | 23101 |
| പുരുഷന്മാർ | 10528 |
| സ്ത്രീകൾ | 12573 |
| പട്ടികജാതി ജനസംഖ്യ | 615 |
| പട്ടികജാതി പുരുഷന്മാർ | 274 |
| പട്ടികജാതി സ്ത്രീകൾ | 341 |
| ജനസാന്ദ്രത | 1473 |
| അക്ഷാംശം | 10°29'27.13 "N - 10°31'53.57 "N |
| രേഖാംശം | 76°2'49.35"E - 76°4'5.53" E |


Engandiyur Grama Panchayat
Asset Map
Legend
PMC
Concrete
Earthen
Interlock
PWD Road
National Highway
Harbour Road
Drainage
Irish Tray
Chettuva River
Protection Wall
Thodu-P.Wall
Slab
Stream
Culvert
Water Tank
Dip
Public Well
Public Tap
Bridge
Cross Drain
Weir
Pond
Public Building
Public Land
BOUNDARY
1 cm = 222 meters
Prepared By CSRD
N
76°1'30"E
76°2'0"E
76°2'30"E
76°3'0"E
76°3'30"E
76°4'0"E
76°4'30"E
76°5'0"E
76°5'30"E
10°32'0"N
10°31'30"N
10°31'0"N
10°30'30"N
10°30'0"N
10°29'30"N
Harbour Road
Kochi Panvel National Highway
East Tippu Sulthan PWD Road
Mullassery Anjamkallu PWD Road
Anganwadi No:1
Health Centre
Anganwadi No:7
GMUP School Chettuva
Motor Shed
Health Centre Land
Anganwadi No:5
MCF
Anganwadi No:114
Pothu Vaathaka Smashanam
Anganwadi No 112 Pulinchodu Kizhakku
Anganwadi 2
Anganwadi No:3
Motorshed
Ayurveda Hospital
Anganwadi No 4
Homeo Dispensary
Anganwadi No:6
Veterinary Hospital
Anganwadi No:8
Kottakadapuram GFUP School
Pattikajathi Smashanam
Anganwadi Land
Ichakkan Master Smaraka Park
Anganwadi No:12
Anganwadi No:11
Anganwadi No:9
Anganwadi 14
Anganwadi No:10
Anganwadi No:111
Motorshed
Panchayat Building
Anganwadi No:15
Anganwadi No:18
Aayiramkanni Sub Centre
Anganwadi 16
Anganwadi No:113
Anganwadi No:19